I/50772/2023

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

**കീം-2023**

**ആയുർവേദ/ഹോമിയോ/സിദ്ധ/ഫാർമസി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് ഓപ്ഷൻ കൺഫർമേഷനുള്ള അവസരം**

2023 ലെ ആയൂർവേദ/ ഹോമിയോ/ സിദ്ധ/ ഫാർമസി/ അഗ്രികൾച്ചർ/ ഫോറസ്ട്രി/ ഫിഷറീസ് / വെറ്ററിനറി /കോ ഓപ്പറേഷൻ & ബാങ്കിംഗ്/ ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയൺമെന്റൽ സയൻസ്/ ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുളളത്) കോഴ്സുകളിലേയ്ക്കുള്ള സംസ്ഥാന ക്വാട്ടാ സീറ്റുകളിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ 28.09.2023 ന് ആരംഭിച്ചു.

**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്**

ആയൂർവേദ/ ഹോമിയോ/ സിദ്ധ/ ഫാർമസി/ അഗ്രികൾച്ചർ/ ഫോറസ്ട്രി/ ഫിഷറീസ് / വെറ്ററിനറി /കോ ഓപ്പറേഷൻ & ബാങ്കിംഗ്/ ക്ലൈമറ്റ് ചെയ്ഞ്ച് & എൻവയൺമെന്റൽ സയൻസ്/ ബി.ടെക് ബയോടെക്നോളജി (കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുളളത്) കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ രണ്ടാം ഘട്ട അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 'Confirm' ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം **28.09.2023 മുതൽ 03.10.2023 വൈകുന്നേരം 4.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ 'www.cee.kerala.gov.in' എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പാലക്കാട് ശാന്തിഗിരി ആയുർവേദ കോളേജിലെ സീറ്റുകളിലേയ്ക്ക് ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആദ്യ ഘട്ട അലോട്ട്മെന്റിലൂടെ മേൽ പറഞ്ഞ കോഴ്സുകളിൽ അഡ്മിഷൻ ലഭിച്ചവരും, ഓപ്ഷൻ നൽകിയിട്ടും അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും രണ്ടാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്. ഓപ്ഷൻ കൺഫർമേഷൻ നടത്താത്ത വിദ്യാർത്ഥികളുടെ ആയുർവേദ/ ഹോമിയോ/ സിദ്ധ/ ഫാർമസി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുന്നതും അവരെ ഈ ഘട്ടത്തിൽ അലോട്ട്മെന്റിനായി പരിഗണിക്കുന്നതുമല്ല. നിലവിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ ഓപ്ഷൻ കൺഫർമേഷനു ശേഷം വിടുതൽ നേടുന്ന പക്ഷം പ്രസ്തുത വിദ്യാർത്ഥികളുടെ ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകൾ

റദ്ദാകുന്നതാണ്. എന്നാൽ രണ്ടാംഘട്ടത്തിലേക്ക് ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തിയില്ലെങ്കിലും ഒന്നാം ഘട്ട അലോട്ട്മെന്റിലൂടെയുള്ള അഡ്മിഷൻ നിലവിലുണ്ടെങ്കിൽ അത് നിലനിൽക്കുന്നതായിരിക്കും.

**03.10.2023 വൈകുന്നേരം 4.00 മണി വരെ** ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ആയുർവേദ/ ഹോമിയോ/ സിദ്ധ/ ഫാർമസി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട താത്ക്കാലിക അലോട്ട്മെന്റ് 05.10.2023 ന് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക (ബാധകമെങ്കിൽ) വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ ഒടുക്കിയശേഷം നേരിട്ട് ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**<u>അലോട്ട്മെന്റ് ഷെഡ്യൂൾ</u>**

| | |
|---|---|
| 28.09.2023 | ആയൂർവേദ/ ഹോമിയോ/ സിദ്ധ/ ഫാർമസി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള കോഴ്സുകളിലേക്ക് ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഓപ്ഷൻ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ ചെയ്യുന്നതിനും വെബ് സൈറ്റ് സജ്ജമാകുന്നു. |
| 03.10.2023, 4.00 PM | ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| 05.10.2023 | രണ്ടാം ഘട്ട അലോട്ട്മെന്റ് (താത്ക്കാലികം) പ്രസിദ്ധീകരണം |
| 06.10.2023 | രണ്ടാം ഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 09.10.2023-12.10.2023, 4.00 PM | ഫീസ് ഒടുക്കി കോളേജിൽ പ്രവേശനം നേടുന്നതിനുള്ള സമയം |
| 12.10.2023, 5.00 PM | OAMS മുഖേനപ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരംഅപ്ഡേറ്റ് ചെയ്യാനുള്ള സമയം |

**പുതിയതായി കൂട്ടി ചേർക്കപ്പെട്ട കോളേജ്**

| ക്രമ നമ്പർ | കോഡ് | സ്വാശ്രയ ആയുർവേദ മെഡിക്കൽ കോളേജ് | യൂണിവേഴ്സിറ്റി |
|---|---|---|---|
| **1** | **SGA** | ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ്, ഓലശ്ശേരി, പാലക്കാട് | കേരള ആരോഗ്യ സർവ്വകലാശാല |

**<u>ഫീസ്</u>**

ആയൂർവേദ/ഹോമിയോ/സിദ്ധ/ഫാർമസി/ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള കോഴ്സുകളിലെ വിവിധ കോളേജുകളിലെ ഫീസ് നിരക്ക് വെബ്സൈറ്റിൽ ലഭ്യമാണ്. സ്വാശ്രയ കോളേജുകളിലെ 2023-24 വർഷത്തെ ആയൂർവേദ/ ഹോമിയോ/ സിദ്ധ/ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള ഫീസ് നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ സ്വാശ്രയ കോളേജുകളിൽ

ആയുർവേദ/ ഹോമിയോ/ സിദ്ധ/ ഫാർമസി കോഴ്സുകളിലേയ്ക്കുള്ള കോഴ്സിന് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ 2022-23 വർഷത്തെ ഫീസ് അടയ്ക്കേണ്ടതും കൂടാതെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി/സർക്കാർ/ബഹു.ഹൈക്കോടതി ഉത്തരവ് പ്രകാരം നിശ്ചയിക്കപ്പെടുന്ന 2023-24 വർഷത്തെ ഫീസ് അനുസരിച്ച് അധിക തുക അടയ്ക്കേണ്ടി വന്നാൽ പ്രസ്തുത തുക പിന്നീട് അടയ്ക്കേണ്ടതുമാണ്.

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ഒ.ഇ.സിക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമ ുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ, 20.06.2005 തീയതിയിലെ G.O.(Ms)No.25/2005/SCSTDD, 23.05.2014 തീയതിയിലെ G.O.(Ms)No.10/2014/BCDD എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികള ു ം അഡ്മിഷൻ സമയത്ത് ട്യൂഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

<u>**കുറിപ്പ്**</u>

അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾക്കായി വിദ്യാർത്ഥികൾ മേൽ വെബ്സൈറ്റ് നിരന്തരം സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
28-09-2023

Signed by
Arun K Vijayan
Date: 28-09-2023 18:54:41